**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 687** **30-01-2024 - ൽ മറുപടിയ്ക്ക്**

**പ്ലാന്റേഷൻ മേഖലയിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എ. രാജ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്ലാന്റേഷൻ മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ചെയ്തിട്ടുണ്ട്. പ്ലാന്റേഷൻ മേഖലയിലെ നിലവിലെ സ്ഥിതി അവലോകനം ചെയ്ത് വൈവിധ്യവത്കരണത്തെയും പുനരുദ്ധാരണത്തെയും പറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ മേഖലയിലെ വികസനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന സ്പൈസസ് പാർക്ക് പദ്ധതി വിപുലീകരിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സ്പൈസസ് പാർക്കുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഒന്നും തന്നെ നിലവിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ നടന്ന് വരുന്നില്ല. എന്നാൽ, കിൻഫ്രയുടെ നേതൃത്വത്തിൽ തൊടുപുഴയിൽ സ്പൈസസ് പാർക്ക് ഉൽഘാടനം ചെയ്തിട്ടുണ്ട്. |
| (സി) | തോട്ടവിളകളിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രചരണത്തിനും വിപണനം കാര്യക്ഷമമാക്കുന്നതിനുമായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ച ശേഷം തോട്ടവിളകളിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വിപണനം കാര്യക്ഷമമാക്കുന്നതിനായി 'പ്ലാന്റേഷൻ എക്സ്പോ' സംഘടിപ്പിച്ച് വരുന്നുണ്ട്. ഒന്നാം പ്ലാന്റേഷൻ എക്സ്പോ തിരുവനന്തപുരത്ത് വെച്ച് 2023 ഫെബ്രുവരിയിലും, രണ്ടാം പ്ലാന്റേഷൻ എക്സ്പോ എറണാകുളത്ത് വെച്ച് 2024 ജനുവരിയിലും സംഘടിപ്പിക്കുകയുണ്ടായി. രണ്ട് എക്സ്പോകളിലും നൂറിലധികം തോട്ടങ്ങൾ, തോട്ട വിളകളിൽ നിന്ന് മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ നിർമ്മിക്കുന്നവർ, തോട്ടം വിള വ്യാപാരികൾ എന്നിവർ പങ്കെടുത്ത് അറിവും ആശയങ്ങളും പങ്കുവയ്ക്കുകയുണ്ടായി. തോട്ട വിളകൾ വിപണനം ചെയ്യുന്നവർക്കായി ദേശീയ അന്തർദേശീയ മേളകളിൽ പങ്കെടുക്കുന്നതിന് സഹായം നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ